ആവശ്യപ്പെട്ടിരിക്കുകയാണ്. വേറെ ഒരു നിർദ്ദേശവും വച്ചിട്ടില്ല. ബഹുമാപ്പെട്ട ആർ. എസ്. ഉണ്ണിക്ക് നിർദ്ദേശം വെയ്ക്കാൻ ആഗ്രഹമുണ്ടെങ്കിൽ അതിന് ഈ ഗവൺമെൻറ് തയ്യാറില്ല. ഗവൺമെൻറ് മുന്നോട്ടു പോകും.

(8) ബി. എസ്. സി. മെഡിക്കൽ ലാബറട്ടറി ടെക്നീഷ്യൻ കോഴ്സ്

ശ്രീ. എ. സി. ജോസ്: സർ, ചങ്ങിഗറിലുള്ളതുപോലെ ബി. എസ്. സി. മെഡിക്കൽ ലാബറട്ടറി ടെക്നിഷ്യൻ കോഴ്സ് കേരളത്തിലും ആരംഭിച്ചിരിക്കുകയാണ്. ആ കോഴ്സിന് അഡ്മിഷൻ കിട്ടിയിട്ടുള്ള വിദ്യാർത്ഥികളുടെ ബുദ്ധിമുട്ടാണ് ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നത്. തൊഴിലില്ലായ്മ ഏറ്റവും രൂക്ഷമായിട്ടുള്ള ഈ സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് പഠിച്ച് പുറത്തുപോകുന്നതിന് ഏറ്റവും അനുയോജ്യകരമായ ഒരു കോഴ്സാണിത്. ഈ കോഴ്സിനും മറ്റ് പ്രൊഫഷണൽ കോഴ്സുകൾക്കുള്ളതു പോലെ എൻട്രൻസ് എക്സാമിനേഷനുണ്ട്. എന്നിട്ടും ഈ കോഴ്സ് ഒരു പ്രൊഫഷണൽ കോഴ്സായിട്ട് ഡിക്ലയർ ചെയ്യാൻ സാധിച്ചിട്ടില്ല. മാത്രമല്ല ഒന്നാം വർഷം പഠിപ്പിക്കേണ്ടിയിരുന്നതു ഫിസിയോളജി, ബയോകെമിസ്ട്രി, ഹിസ്റ്റോളജി എന്നീ വിഷയങ്ങളായിരുന്നു. എന്നാൽ ഇന്നു സിലബസ് ആകെ മാറ്റിമറിച്ചുകൊണ്ട് മറ്റു വിഷയങ്ങളാണ് പഠിപ്പിക്കുന്നത്. ഇതു നാലുവർഷ കോഴ്സായി മാറ്റുകയും വളരെയേറെ ജോലികിട്ടാൻ സാദ്ധ്യതയുള്ള ഈ കോഴ്സിനെക്കുറിച്ച് സമൂലമായ പഠനം നടത്തി ആവശ്യമായ നടപടികളും സ്വീകരിക്കുകയും ചെയ്യണമെന്ന് മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇന്നുള്ള അപാകതകൾ പരിഹരിച്ച് നടപടിയെടുക്കുന്നതിന് പരിഗണനക്കായി ഇതു സബ്മിറ്റ് ചെയ്തിരിക്കുകയാണ്. ലാബറട്ടറിയെ സംബന്ധിച്ചുള്ള നടപടികളെടുത്തിട്ടുണ്ട്. ഇതെന്തെ അത് പരിഹരിക്കാൻ കഴിയും.

(9) ബാലവാടി ഹെൽപ്പർമാർക്കും വർക്കർമാർക്കും കിട്ടേണ്ട ആനുകൂല്യങ്ങൾ

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, കേരളത്തിലെ പതിനായിരക്കണക്കിന് ബാലവാടികൾ സാമൂഹ്യവികസനവകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചിരുന്നതാണ്. 1-4-1985 വരെ കാര്യക്ഷമമായി പ്രവർത്തിക്കുകയും അവർക്കുള്ള അലവൻസ് കൊടുത്തുകൊണ്ടിരിക്കുകയും ചെയ്തു. 1-4-1985 മുതൽ അത് സാമൂഹ്യക്ഷേമ വകുപ്പിലേക്ക് എടുത്തു. അതിനുശേഷം നാളിതുവരെ അതിൽ പ്രവർത്തിക്കുന്ന പാവപ്പെട്ട പതിനായിരക്കണക്കിന് പെൺകുട്ടികൾക്ക് ഒരു പൈസ പോലും കിട്ടുന്നില്ല. അവർക്ക് പൈസകൊടുക്കുന്നതിനുള്ള അടിയന്തിര നടപടികളും സ്വീകരിക്കണം.

സാമൂഹ്യ വികസനവകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ): സർ, സാമൂഹ്യവികസന വകുപ്പിന്റെ കീഴിൽ ആകെ 2600 ബാലവാടികളാണ് ഉള്ളത്. ഐ. സി. ഡി. എസ്. പദ്ധതി അനുപതാപത്തൊന്നാ

LIBRARY ARCHIVES Kerala Legislative Assembly

ബ്ലോക്കുകളിൽ ഇൻട്രൊഡ്യൂസ് ചെയ്തപ്പോൾ 960 ബാലവാടികളും അംഗൻവാടികളായി കൺവേർട്ട് ചെയ്യുന്നതിന് നടപടികളും സ്വീകരിക്കുകയുണ്ടായി. പ്രായോഗികമായ ചില ബുദ്ധിമുട്ടുകൾ വന്നതിനെതുടർന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ രണ്ടു ഡിപ്പാർട്ടുമെൻറുകളുടെയും തലവൻമാരെയും സെക്രട്ടറിമാരെയും എല്ലാം വിളിച്ച് കോൺഫറൻസ് നടത്തുകയും അതിൻെറ അടിസ്ഥാനത്തിൽ ഒരു ഗൈഡ്ലൈൻ തന്നെ കൊടുക്കുകയും ചെയ്തിട്ടുണ്ട്. നടപടികൾ അടിയന്തിരമായി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

(10) തേയിലവ്യവസായത്തിലെ പ്രതിസന്ധി

ശ്രീ. കെ. കെ. തോമസ്: സർ, നമ്മുടെ സംസ്ഥാനത്തെ പ്രധാന വ്യവസായങ്ങളിൽ ഒന്നാണ് തേയിലവ്യവസായം. തേയിലയുടെ വില ഇന്ന് അൻപതു ശതമാനം കണ്ട് കുറഞ്ഞിരിക്കുകയാണ്. ഇതുമൂലം തേയില വ്യവസായരംഗത്ത് വലിയ സാമ്പത്തിക പ്രതിസന്ധിയും തൊഴിലില്ലായ്മയും ഉണ്ടായിരിക്കുകയാണ്. സംസ്ഥാനത്തെ കമ്പനികളിൽകൂടി 36,000 ഹെക്ററർ സ്ഥലത്ത് തേയിലകൃഷി ചെയ്തുവരുന്നു. അതുപോലെതന്നെ പതിനായിരത്തിൽപരം ചെറുകിട തേയിലകൃഷിക്കാരും ഉണ്ട്. ഇതിനുമുൻപ് തേയില വ്യവസായത്തിന് പ്രതിസന്ധി ഉണ്ടായപ്പോൾ സംസ്ഥാന ഗവൺമെൻറ് ചില ആനുകൂല്യങ്ങളൊക്കെ നൽകിയിട്ടുണ്ട്. കേന്ദ്രഗവൺമെൻറ് എടുത്ത ചില നയങ്ങൾ മൂലമാണ് തെന്നിന്ത്യയിലെ തേയില വ്യവസായത്തിന് ഇപ്പോൾ സംഭവിച്ചിരിക്കുന്ന പ്രതിസന്ധി എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഒരു തോട്ടത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന തേയിലയുടെ 75 ശതമാനവും ഓക്ഷനിൽ വിൽക്കണമെന്നുള്ളതാണ് പുതിയ നയം. ശരിയായ വില കിട്ടിയില്ലെങ്കിൽ ഓക്ഷനിൽനിന്നും പിൻവലിക്കുവാൻ ഉടമകൾക്ക് സ്വാതന്ത്ര്യം ഉണ്ടെങ്കിൽതന്നെയും ഓക്ഷനിൽ തന്നെ വിറ്റഴിക്കണമെന്ന നിർബന്ധം മൂലം ഏറ്റവും കുറഞ്ഞവിലക്ക് വാങ്ങാൻ വ്യവസായികൾ യോജിക്കുന്നു. ഇതുമൂലം ലേലത്തിൽ മത്സരമില്ലാതെ വരുന്നു. ഇത് വില കുറയുന്നതിന് ഒരു കാരണമാകുന്നു. അതുപോലെ തെന്നിന്ത്യയിലെ തേയില, കിഴക്കേ ഇന്ത്യയിലെ തേയിലയേക്കാൾ തരത്തിൽ കുറഞ്ഞതായതുകൊണ്ട് ഒരു പൊതുനയം കേന്ദ്രഗവൺമെൻറ് വ്യാപാരമേഖലയിൽ സ്വീകരിച്ചിരിക്കുന്നതിൻെറ ഫലമായി തെന്നിന്ത്യൻതേയില മാർക്കറ്റിൽ തളളപ്പെടുന്നു. അതുകൊണ്ട് തെന്നിന്ത്യയിലെ തേയിലക്ക് പ്രത്യേക ആനുകൂല്യങ്ങൾ കിട്ടാത്ത സാഹചര്യത്തിൽ സംസ്ഥാനഗവൺമെൻറ് വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, നമ്മുടെ സംസ്ഥാനത്ത് 36,000 ഹെക്ററർ സ്ഥലത്ത് തേയില കൃഷി ചെയ്യുന്നുണ്ട്. ഒരു ലക്ഷത്തിൽപരം ആളുകൾക്ക് തൊഴിൽ നൽകുന്ന ഒന്നാണ് ഇത്. പക്ഷേ നിർഭാഗ്യവശാൽ 1985 ആരംഭം മുതൽ ഇൻഡ്യയിൽ ആകെ തേയിലക്ക് വിലയിടിവ് സംഭവിച്ചിരിക്കുകയാണ്. ടീ ബോർഡിൻെറ റിപ്പോർട്ടനുസരിച്ച് ഇതിൻെറ കാരണങ്ങളിലൊന്നായി പറയുന്നത് അന്താരാഷ്ട്ര വിപണിയിൽ കുഞ്ഞയിനം തേയില അധികമായി വിതരണം ചെയ്യപ്പെടുന്നുവെന്നതാണ്. ടീ ബോർഡിൻെറ കണക്കനുസരിച്ചുതന്നെ ഈ വർഷം തേയിലയുടെ വിലയിടിവ്

LIBRARY ARCHIVES Kerala Legislative Assembly